(ഇ) നിലവിൽ എത്ര രൂപയുടെ കൺസഷനുകളും യാത്രാപാസ്സുകളും ദിനംപ്രതി ഉപയോഗിക്കുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) സർക്കാർ ഉദ്യോഗസ്ഥരിൽ എത്ര പേർക്ക് യാത്രാപാസ്സുകൾ നൽകിയിട്ടുണ്ട്; ഉദ്യോഗസ്ഥരായ ഇവർക്ക് പാസ്സുകൾ നൽകാൻ കാരണമെന്താണെന്നു വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിർത്തലാക്കുമ്പോൾ അതാതു മണ്ഡലങ്ങളിലെ നിയമസഭാ സാമാജികരോട് ആലോചിച്ചശേഷം മാത്രം നടപ്പിലാക്കാൻ കെ. എസ്. ആർ. ടി. സി. മാനേജ്മെന്റിന് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പഠനം നടത്തിയിട്ടുണ്ട്. രാത്രികാലങ്ങളിലും അതിരാവിലെയുമുള്ള പല സർവ്വീസുകളും ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് പുനഃക്രമീകരണം നടത്തിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിശോധിച്ചിട്ടില്ല.

(ഡി) ട്രാഫിക് ഡിമാന്റ് അനുസരിച്ച് ദേശസാൽകൃത മേഖലയിൽ ലാഭനഷ്ടം നോക്കാതെയാണ് സർവ്വീസ് നടത്തുന്നത്. കൺസഷൻ, യാത്രാപാസ്സുകൾ എന്നിവ ട്രാഫിക് ഡിമാന്റിൽ ഉൾപ്പെട്ടിരിക്കുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഗതാഗത വകുപ്പുമന്ത്രിയുടെ ആഫീസിലെ 5 ജീവനക്കാർക്കും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ 4 ജീവനക്കാർക്കും പാസ്സ് അനുവദിച്ചിട്ടുണ്ട്.

(ജി) ഈ നിർദ്ദേശം പ്രായോഗികമല്ല.

ഫെയർസ്റ്റേജുകൾ ശാസ്ത്രീയമായി പുതുക്കി നിശ്ചയിക്കാൻ നടപടി

61 [4939] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് പല ബസ് ഡിപ്പോയിലും ഫെയർ സ്റ്റേജ് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ. എസ്. ആർ. ടി. സി.-യുടെ ഫെയർസ്റ്റേജുകൾ ഏറ്റവും ഒടുവിൽ നിശ്ചയിച്ചത് എന്നാണ്;

(സി) കെ. എസ്. ആർ. ടി. സി.-യുടെ ഫെയർസ്റ്റേജ് അപാകതകൾ സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരത്തുനിന്ന് എൻ. എച്ച്. ലൂടെയും എം.സി. റോഡിലൂടെയും ഉള്ള റൂട്ടിൽ കണിയാപുരം, വെഞ്ഞാറമൂട് തുടങ്ങിയ ഡിപ്പോകളിൽ ഫാസ്റ്റ്, സൂപ്പർഫാസ്റ്റ്, ബസ്സുകൾക്ക് ഫെയർസ്റ്റേജ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തിരുവനന്തപുരം-കൊല്ലം, തിരുവനന്തപുരം-കൊട്ടാരക്കര റൂട്ടുകളിലെ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ഫെയർ സ്റ്റേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) എല്ലാ കെ. എസ്. ആർ. ടി. സി. ഡിപ്പോകളേയും ഫെയർസ്റ്റേജാക്കി ഫെയർ സ്റ്റേജുകൾ ശാസ്ത്രീയമായി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എല്ലാ ഡിപ്പോകളും കെ. എസ്. ആർ. ടി. സി. സർവ്വീസുകൾക്ക് ഫെയർ സ്റ്റേജ് ആണ്. എന്നാൽ സബ്ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും എല്ലാ സർവ്വീസുകൾക്കും ഫെയർ സ്റ്റേജുകൾ അല്ല.

(ബി) 1976.

(സി) ഉണ്ട്.

(ഡി) വെഞ്ഞാറമൂട് ബസ് സ്റ്റേഷൻ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് ഫെയർ സ്റ്റേജ് ആണ്. ഇവിടെ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ് ഇല്ല. കണിയാപുരം ബസ് സ്റ്റേഷനിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്കും സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്കും ഫെയർ സ്റ്റേജ് അനുവദിച്ചിട്ടില്ല.

(ഇ) തിരുവനന്തപുരം-കൊല്ലം റൂട്ടിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് തിരുവനന്തപുരം സെൻട്രൽ, ഉള്ളൂർ ജംഗ്ഷൻ, കഴക്കൂട്ടം, മംഗലപുരം, ആറ്റിങ്ങൽ ഡിപ്പോ, കല്ലമ്പലം, പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം, കൊല്ലം ഡിപ്പോ എന്നിവയും സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് തിരുവനന്തപുരം സെൻട്രൽ ഡിപ്പോ, ആറ്റിങ്ങൽ ഡിപ്പോ, ചാത്തന്നൂർ കൊല്ലം ഡിപ്പോ എന്നിവയും ഫെയർ സ്റ്റേജുകൾ ആകുന്നു. തിരുവനന്തപുരം-കൊട്ടാരക്കര റൂട്ടിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് തിരുവനന്തപുരം സെൻട്രൽ ഡിപ്പോ, നാലാഞ്ചിറ, മാർ ഇവാനിയോസ് മെയിൻ ഗേറ്റ്, വട്ടപ്പാറ ജംഗ്ഷൻ, വെമ്പായം, വെഞ്ഞാറമൂട് ബസ് സ്റ്റേഷൻ, കാരേറ്റ്, കിളിമാനൂർ ഡിപ്പോ, നിലമേൽ, ചടയമംഗലം ബസ് സ്റ്റേഷൻ, ആയൂർ, വാളകം, പനവേലി, കൊട്ടാരക്കര ഡിപ്പോ എന്നിവയും സൂപ്പർ ഫാസ്റ്റുകൾക്ക് തിരുവനന്തപുരം സെൻട്രൽ ഡിപ്പോ, കിളിമാനൂർ ഡിപ്പോ, ആയൂർ ജംഗ്ഷൻ, വാളകം, കൊട്ടാരക്കര ഡിപ്പോ എന്നിവയുമാണ് ഫെയർ സ്റ്റേജുകൾ.

(എഫ്) കെ. എസ്. ആർ. ടി. സി.-യുടെ എല്ലാ ഡിപ്പോകളും ഇപ്പോൾതന്നെ ഫെയർ സ്റ്റേജുകളാണ്. നിലവിലുള്ള ഫെയർ സ്റ്റേജുകളിൽ മാറ്റം വരുത്തുന്നത് തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly